# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 795

04.03.2020-ൽ മറുപടിയ്ക്ക്.

## പാലക്കാട് ജില്ലയിൽ ക്ഷീരഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഇതിനകം ഉൾപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കുമോ; | (എ) പറളി, പെരിങ്ങോട്ടുക്കുറിശ്ശി ഗ്രാമപഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഇതിനകം ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ക്ഷീരഗ്രാമം പദ്ധതി പ്രകാരം നടപ്പിലാക്കുന്നത്; | (ബി) ക്ഷീരഗ്രാമം പദ്ധതിയുടെ ഭാഗമായി പ്രധാനമായും താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്. |

| ക്രമ നം | പദ്ധതികൾ | യൂണിറ്റ് ധനസഹായം (രൂപ) |
|---|---|---|
| 1 | 2 പശു യൂണിറ്റ് | 69,000 |
| 2 | 5 പശു യൂണിറ്റ് | 1,84,000 |
| 3 | 1 പശു + 1 കിടാരി യൂണിറ്റ് (കോമ്പോസിറ്റ് യൂണിറ്റ്) | 53,000 |
| 4 | 3 പശു + 2 കിടാരി യൂണിറ്റ് (കോമ്പോസിറ്റ് യൂണിറ്റ്) | 1,50,000 |
| 5 | അവശ്യാധിഷ്ഠിത സഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 6 | കറവയന്ത്രം | 25,000 |
| 7 | ശാസ്ത്രീയ തൊഴുത്ത് നിർമ്മാണം | 50,000 |
| 8 | പശുക്കൾക്കുള്ള ബാഹ്യസമ്മർദ്ദം കുറയ്ക്കൽ | 25,000 |
| 9 | ധാതുലവണ മിശ്രിതം | 100/- രൂപ / Kg |

| | |
|---|---|
| (സി) കൂടുതൽ ഗ്രാമപഞ്ചായത്തുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; ഷൊർണ്ണൂർ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ? | (സി) 2020 -21 ൽ വാർഷിക പദ്ധതിയിൽ കൂടുതൽ പഞ്ചായത്തുകളെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.<br>ഷൊർണ്ണൂർ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**